കവിതയിലെ അരണ്യങ്ങൾ, അദ്രികൾ

പദ്മദാസ്



കവിതയിലെ അരണ്യങ്ങൾ, അദ്രികൾ

പദ്മദാസ്
(മലയാളം: ലേഖനം)

© 2026, Padmadas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The Painter in a Forest Clearing, Lying under an Umbrella, a painting by Carl Spitzweg (1808–1885). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

കവിതയിലെ അരണ്യങ്ങൾ, അദ്രികൾ

ഗൂഗിളിൽ ഒന്ന വെറുതെ, കനാക്കിയ റെയിൻ ഫോറസ്റ്റ് എന്നും ഇന്ത്യാ ബുൾസ് സ്കൈ ഫോറസ്റ്റ് എന്നും തിരഞ്ഞുനോക്കുക. നിങ്ങളുടെ സ്ക്രീനിലോ കീപാഡിലോ ഒരു കാടും പ്രത്യക്ഷപ്പെട്ടു എന്ന വരില്ല. മേല്പറഞ്ഞ രണ്ടും മുംബൈയിലെ കോടികൾ വിലവരുന്ന ബഹുനില ഫ്ലാറ്റുകളുടെ പേരുകളാണ്. കാട് എന്ന പേരിന് റിയൽ എസ്റ്റേറ്റ് ബിസിനസുമായി ബന്ധം എന്തെന്നല്ലേ? ഒരു ബന്ധവുവുമില്ല! കാട്ടിൽ വസിക്കാനുള്ള മനുഷ്യന്റെ ആദിമമായ മോഹം, പേരു കൊണ്ടെങ്കിലും ഒന്ന മുതലെടുത്തു കളയാം എന്ന കരുതിയ റിയൽ എസ്റ്റേറ്റ് ലോബിയുടെ പരസ്യവിപണനതന്ത്രം ഇവിടെ എടുത്തു പറഞ്ഞത് ഹോമോസാപ്പിയൻസ് എന്ന ജീവിവർഗ്ഗത്തിൽ വനവാസത്വര (forest dwelling urge) പണ്ടു മുതലേ സ്വതസിദ്ധമായി (inherent) ഉണ്ട് എന്ന് സൂചിപ്പിക്കാനാണ്. കാടുകളുടെ ജൈവവൈവിധ്യം, നിശ്ശബ്ദത, അഭയകേന്ദ്രം എന്ന പ്രതീതി, വന്യസൗന്ദര്യം എന്നിവ ആദിമകാലത്തു നിന്ന് കാടു വിട്ടുപോന്ന ശേഷവും മനുഷ്യനെ നിരന്തരം പ്രലോഭിപ്പിച്ചു പോന്നിട്ടുണ്ട്. സ്വാഭാവികമായും മനുഷ്യൻ നിരന്തരം ഇടപ്പെട്ടുപോരുന്ന സർഗ്ഗസാഹിത്യാദികളിലും, വിശിഷ്യാ കവിതയിലും, ആ സ്വാധീനം ദൃശ്യപ്പെടാതെ തരമില്ലല്ലോ!

കാടും മലകളും എങ്ങിനെ മലയാളകവികളിലും മലയാളകവിതയിലും പ്രവർത്തിച്ചു എന്നത് ഒന്നിലധികം കാരണങ്ങളാൽ കൗതുകകരവും (curious) അന്വേഷണാത്മകവും (inquisitive) ആണ്. കാവ്യകാനനത്തിലിറങ്ങിയുള്ള സാകല്യേനയുള്ള ഒരു അന്വേഷണം സുസാധ്യമല്ലെങ്കിൽപ്പോലും, ഇടപഴകിയ കവിതകളിലെ കാടിനെയും മലകളെയും ഒന്ന സ്പർശിച്ചു പോവുക എന്നതാവാം ഈ പ്രകരണത്തിന്റെ ലഘുതരലക്ഷ്യം!

നമ്മുടെ ആദിമസംസ്കാരം ഉദയം കൊണ്ടതു് കാട്ടിലാണല്ലോ. ആരണ്യകസംസ്കാരം എന്ന തന്നെയാണ് ഇന്നും അത് വിവക്ഷിക്കപ്പെടുന്നതും. കലർപ്പില്ലാത്ത, ജൈവവും (organic) സ്വച്ഛവും (natural) ആയ, സ്വാഭാവികമായി പ്രകൃതിയിലുദയം കൊണ്ട മനുഷ്യജീവിതരീതികളെത്തന്നെയാണ് നാം ആദിമസംസ്കൃതിയായി കൊണ്ടാടിയത്. ജീവിതത്തിൽനിന്ന് അന്യമായ എന്തോ ആണ് സംസ്കാരം എന്ന മട്ടിൽക്കാണുന്ന ആധുനികരീതിയിൽ നിന്ന് വിഭിന്നമായി ആദിമസംസ്കൃതി, അത് അതിന്റെ രൂപപരിസരങ്ങളിൽത്തന്നെ നിന്നുകൊണ്ട് ജീവിതത്തെ അന്യവൽക്കരിക്കാതെ, അതിനോട് ഉൾച്ചേർത്തുനിർത്തി എന്ന പറയാം. പുരാതനകാലത്തെ മനുഷ്യന്റെ പ്രകൃതിദത്ത ആവാസസ്ഥാനമായ (dwelling place) കാടും, മലയും, താഴ്വാരങ്ങളും അവിടത്തെ ജീവജന്തുജാലങ്ങളും തന്നെയാണ് ഒരു പരിധിവരെ അവനെ സംസ്കൃതിയിലേയ്ക്കു നയിച്ചത് എന്ന കാണാം. വാക്കുകളും ഭാഷയും രൂപപ്പെടുന്നതിനുമുമ്പ് ഗുഹാന്തർഭാഗങ്ങളിലും പാറപ്പുറത്തുമെല്ലാം ആദിമമനുഷ്യൻ കൂർത്ത കല്ലുകൊണ്ട് കോറിയിട്ട മൃഗ,പക്ഷിരൂപങ്ങൾ ഭാഷാരഹിതനായ മനുഷ്യന്റെ കവിതകൾ തന്നെയായിരുന്നു! കാട് അവനെ പഠിപ്പിച്ച സംവേദനദുഷ്കരതയില്ലാത്ത പുരാതന സംസ്കൃതിയിലെ ആദ്യകവിത; ആദിമകവിത!!

കാട്, കടൽ എന്നീ രണ്ടു രൂപകങ്ങൾ, കവിത എന്ന മാധ്യമത്തിന്റെ അന്തഃസത്തയെ സൂചിപ്പിക്കാൻ ഒരു പരിധിവരെ നന്നായി ചേരും. കാടിന്റെ ഗഹനതയും നിഗൂഢതയുമെന്ന പോലെ തന്നെ കടലിന്റെ ആഴവും പരപ്പും, കവിതയുടെ സംവേദനതല്പരതയെ ഉൾക്കൊള്ളാൻ കെല്പുള്ളതാണ്. ഒരുപക്ഷേ, കാടിനേയും കടലിനേയും നന്നായറിയാൻ ഉന്നമിച്ച കവികൾ തന്നെയായിരിക്കും ഇത് ആദ്യം തിരിച്ചറിഞ്ഞ്, തങ്ങളുടെ മാധ്യമത്തിൽ ഫലപ്രദമായി ഉപയുക്തമാക്കിയത്.

> "കാടിന്റെ പാട്ടും കടൽപ്പാട്ടുമൊന്നെന്ന
> കാറ്റു പറഞ്ഞാണ ഞാനറിഞ്ഞു!
> രണ്ടുമൊരു പോൽ കറമ്പികളാണെന്ന
> വിണ്ടലം ചൊന്നതും ഞാനറിഞ്ഞു!"

എന്ന പറഞ്ഞു കൊണ്ടാണ് സുഗതകുമാരിയുടെ 'കാടും കടലും' എന്ന കവിത തുടങ്ങുന്നത്.

കടലിന്റെ അഗാധതയും കാടിന്റെ നിഗൂഢതയും ഒരു പോലെ പേടിപ്പെടുത്തുന്നതുമാണത്രേ!

> "കാടു നിശ്ശബ്ദം കടൽക്കയം പോൽ, കാടു
> പേടിയാക്കുന്നു കടലുപോലെ"

സമുദ്രാന്തർഭാഗത്തു് ഉണ്ടെന്ന വിശ്വസിക്കപ്പെന്ന ഒരിക്കലും കെടാത്ത തീയാണ് ബഡവാഗ്നി. ഇത് കാട്ടുതീയ്ക്ക് സമാനമാണെന്നാണ് സുഗതകുമാരിയുടെ താരതമ്യം!

> "കാടിന്ന കാട്ടുതീ, കത്തും കടൽത്തീയു
> കാണാത്തൊരാഴത്തിൽ നീറി നില്പൂ"

ബഡവാഗ്നി എന്ന സങ്കല്പത്തെക്കുറിച്ചു തന്നെ അറിയാത്ത പാശ്ചാത്യർക്ക് ഈ വരിയുടെ ഉൾക്കാമ്പ് പിടികിട്ടിക്കൊള്ളണമെന്നില്ല.

> "മലമുകളിലിരിക്കെക്കുട്ടിന
> കുളിർകാറ്റും കിളികളുമല്ലോ"

എന്ന തുടങ്ങുന്ന മറ്റൊരു കവിതയിൽ മല കവിക്ക് അഭയകേന്ദ്രവും സാന്ത്വനവും (asylum and solace) ആവുന്നു.

പന്ത്രണ്ടു വർഷത്തിലൊരിക്കൽ മലയിൽ "കടലുപോൽ നീലക്കുറിഞ്ഞി പൂക്കുന്നത്" എങ്ങിനെയെന്നും കവി ഇങ്ങനെ കാവ്യാത്മകമായി പറഞ്ഞുതരും:

> "ഇരുണ്ട മാമല കിടന്ന മൂകമായ്
> തപം ചെയ്യും പോലും വളരെ നാൾ, പിന്നെ-
> യൊരു പന്തീരാണ്ടു കഴിയവേ, മിന്നി-
> ച്ചുകന്ന നീലിച്ചു വെളിച്ചം വീശിക്കൊ-
> ണ്ടെഴുന്നള്ളും വീണ്ടും കുറിഞ്ഞിപ്പൂവുകൾ!"
> (കുറിഞ്ഞിപ്പൂവുകൾ)

മൂകമായി കിടന്ന തപസ്സു ചെയ്യപ്പെട്ടു പൊടിക്കുന്ന കന്ദരം എന്ന കവിയുടെ കണ്ടെത്തൽ സസ്യശാസ്ത്രത്തിന് (botany) അത്ര അന്യമാകാനൊന്നമിടയില്ല! സാധാരണ വിത്തുകൾ വർഷം മറിഞ്ഞാൽ മുളയ്ക്കില്ലത്രെ! നീലക്കുറിഞ്ഞിക്ക് പൊടിപ്പുയിർപ്പിക്കാനുള്ള ആ കാലദൈർഘ്യം പന്ത്രണ്ടു വർഷമാകാം! കാട്ടിൽ മനുഷ്യൻ കടന്നു ചെല്ലുന്നതു തന്നെ അധിനിവേശത്വരയുമായാണ്.

> "മഴവും തീയുമായ്, കഴുകൻകണ്ണുമായ്
> വരില്ലയോ മർത്ത്യൻ അവിടെയും നാളെ?
> അവിടെ റബ്ബറിൻനിരകൾ നീളുമോ?
> അവിടെപ്പുദ്ധതിയിരമ്പിയെത്തുമോ?
> ഇനിപ്പന്തീരാണ്ടു കഴിയുമ്പോൾ വീണ്ടും
> കിഴക്കൻമേട്ടിലാക്കുറിഞ്ഞി പൂക്കുമോ?..."

എന്ന ഉത്ക്കണ്ഠ പങ്കുവെയ്ക്കുന്നിടത്തത്രേ, സുഗതകുമാരിക്കവിതയുടെ പാരിസ്ഥിതിക രാഷ്ട്രീയം (eco politics) മറ നീക്കി പുറത്തു വരുന്നത്!

കാട്, കൈകൂപ്പി വണങ്ങേണ്ട പരിസ്ഥിതിക്ഷേത്രം തന്നെയായിരുന്ന സുഗതകുമാരിക്ക്!

> "അക്കഥപോട്ടെ, ഞാനമ്പലത്തിൽ പോലെ-
> യെത്തിനേൻ നിന്നെ വണങ്ങുവാൻ മാത്രമായ്."

എന്ന പറയുന്ന സുഗതകുമാരി 'സൈലന്റ് വാലി' എന്ന കവിതയിൽ!

പാരിസ്ഥിതികതയെ അകമഴിഞ്ഞു പുൽകുകയെന്ന സ്വപ്നം ജീവിതത്തിലും കവിതയിലും ഒരുപോലെ കൊണ്ടു നടന്ന കവിയായിരുന്നല്ലോ സുഗതകുമാരി. കരുണ, സ്നേഹം, ദയ തുടങ്ങിയ മാനഷികമൂല്യങ്ങളെക്കുറിച്ചുള്ള മനോജ്ഞസ്വപ്നങ്ങളെ സാക്ഷാത്ക്കരിക്കാനാവാത്ത ഈ ലോകത്ത്, പ്രകൃത്യംബ തന്നെയായ കാട്ടിനുള്ളിൽ ചിതകൂട്ടി തങ്ങളുടെ കിനാവുകളെ ദഹിപ്പിച്ചുകളയാമെന്നാണ് കവി 'കാട്ടിനുള്ളിൽ' (വഴിയിൽ കളഞ്ഞവ) എന്ന കവിതയിൽ പറയുന്നത്.

> "ഇവിടെച്ചിതകൂട്ടാം നമുക്കെൻ ഹൃദയമേ
> ഇവിടെ ദഹിപ്പിക്കാം നമ്മൾതൻ കിനാക്കളെ.
> മരിച്ചുമരവിച്ച പൊൻകിനാവുകൾ...
> നോക്കു നമുക്കീക്കൊടുംകാട്ടി,
> ലീയുച്ചക്കൊടുംതീയിൽ വാടിവീണണങ്ങുന്ന
> വെളുത്ത ദളങ്ങളാൽ
> വാടിയും പഴുത്തും വീണുറങ്ങുമിലകളാൽ
> ചിതകൂട്ടിടാം, കത്തും വെയിലിൻ പന്തങ്ങളാ-
> ലതിനെ ജ്വലിപ്പിക്കാം, കത്തട്ടേ കിനാവുകൾ!"

ജീവിതം പോലെതന്നെ പ്രിയങ്കരമായ ചില സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിയാതെ വരുമ്പോൾ, പ്രിയതരമായ കാനനം തന്നെയാണ് കവിയതിന് ചിതയാകുന്നത്!

കാട് മുടിയുന്നതിൽ സുഗതകുമാരിക്ക് പരിദേവനമാണെങ്കിൽ, അത് കാടിന്നടയോനായ കാട്ടാളന്റെ അമർഷമാവുന്നു, കടമ്മനിട്ടയിൽ! കാടിനു വേണ്ടി പോരാടുന്ന, കാട്ടുകള്ളന്മാർക്കെതിരെ "നെഞ്ചത്തൊരു പന്തം കത്തി" നിൽക്കുന്നവനാണ് കടമ്മനിട്ടയുടെ പോരാട്ടവീര്യമുള്ള കാട്ടാളൻ. "ഉരുൾപൊട്ടിയ മാമല പോലെ, ഉലകാകെയുലയും മട്ടിൽ" പ്രതിഷേധത്തിന്റെ തീജ്ജ്വാലയായി അലറി "നെഞ്ചത്തൊരു പന്തം കത്തി നിൽക്കുന്ന" ഒരു കാട്ടാളൻ! (കിരാതവൃത്തം)

> "വേട്ടക്കാരവരുടെ കൈയുകൾ
> വെട്ടും ഞാൻ കൽമഴുവോങ്ങി,
> മല തീണ്ടിയശുദ്ധം ചെയ്തവർ
> തലയില്ലാതൊഴുകണമാറ്റിൽ
> മരമൊക്കെയരിഞ്ഞവരെന്നുടെ
> കുലമൊക്കെ മുടിച്ചവരവരുടെ
> കുടൽമാലകൾ കൊണ്ടു ജഗത്തിൽ
> നിറമാലകൾ ഭൂക്കും ഞാൻ."

എന്ന ദൃഢപ്രതിജ്ഞയെടുത്തവൻ.

> "ഒരു സൂര്യനുദിക്കും
> നിഴലായിട്ടുമ്പിളി വളരും
> വളരും വനമോടികളാടിത്തെളിയും
> വനമൂർച്ഛയിൽ ദുഃഖംതകരും
> ഞാനന്ന ചിരിക്കും."

എന്ന പ്രതീക്ഷാനിർഭരതയിലാണവന്റെ വാഴ്വ്!

കടമ്മനിട്ടയുടെ അമർഷം പോലെ തന്നെ,

> "കാടെവിടെ മക്കളെ? മേടെവിടെ മക്കളെ?
> കാട്ടുപുൽത്തകിടിയുടെ വേരെവിടെ മക്കളെ?"
> (നാടെവിടെ മക്കളെ?)

എന്നൊക്കെ ചോദിച്ചുകൊണ്ടു പാരിസ്ഥിതികതയുടെ ശബ്ദമായി അയ്യപ്പപ്പണിക്കരും നിലകൊണ്ടു മലയാള കവിതയിൽ.

ബിഭൂതിഭൂഷൺ ബന്ദ്യോപാദ്ധ്യായയുടെ 'ആരണ്യകി'ൽ നിന്ന പ്രചോദനമുൾക്കൊണ്ട വിഷ്ണനാരായണൻ നമ്പൂതിരി "ഉയിരിൽ കടിവെച്ച" യുഗളപ്രസാദൻ എന്ന കഥാപാത്രം (അതേ പേരുള്ള കവിത) നഗരങ്ങളിൽ നിന്ന് രാത്രിയിൽ ചെടികൾ മോഷ്ടിച്ച്, കാട്ടിൽ കൊണ്ടുവന്നു നടുന്നു. കാട്ടിലെ എസ്റ്റേറ്റ് മാനേജരായ സത്യചരണിനോടൊപ്പം കാട്ടിലില്ലാത്ത ചെടികൾ നട്ടുപിടിപ്പിച്ച് അവിടത്തെ ജൈവവൈവിധ്യം വർദ്ധിപ്പിക്കുകയാണ് ബിഭൂതിഭൂഷന്റെ നോവലിലെ ജുഗൽ പ്രസാദ് എന്ന പ്രകൃതിസ്നേഹിയുടെ ലക്ഷ്യം! ഇതൊരു റിവേഴ്സ് ഓസ്മോസിസ് പോലെയാണ്. കാട്ടിൽ നിന്ന് ചെടികൾ കൊണ്ടുവന്ന് നാട്ടിൽ നടുകയാണല്ലോ സാധാരണ പതിവ്! ഈ വിപരീതത്വത്തെയാണ് കവി നെഞ്ചേറ്റുന്നത്. കവിതയിലെ വരികൾ ഇങ്ങനെ:

> "ആരണ്യക! ജർജരവേഷ!
> പ്രാകൃത! പാംസുസ്നാത!
> വെൺചന്ദ്രിക മുട്ടം നഗരിയിൽ
> വെൺചരലറിയാതെത്തി
> അങ്കണമണിയും പൂത്തുപ്പുചെടി-
> വള്ളികൾ മടിയിലൊതുക്കി
> നിഴൽപോലെ കടമ്പകൾ, കാവൽ-
> പ്പുരകൾ കടന്നതിവേഗം
> പുലർകങ്കമമുതിരും മുമ്പു
> പെരുങ്കാടണയും നിന്നെ
> ഉയിരിൽ കടിവച്ചേൻ പണ്ടേ
> ഉണ്മയിൽ നിറവായവനെ."

താൻ ജീവനിൽ കടിവെച്ചവനെപ്പറ്റിയുള്ള കവിതയുടെ ഉപലബ്ധിയാണ് രസാവഹം. കവിത ചൊല്ലിക്കേട്ട് എത്യോപ്യയിൽ അധ്യാപകവൃത്തി ചെയ്തിരുന്ന മോഹൻദാസ് കൊടകര എന്ന പ്രകൃതിസ്നേഹി, വിരമിച്ച് നാട്ടിലെത്തിയപ്പോൾ മാവിൻതൈകൾ നട്ടുപിടിപ്പിക്കുന്ന ('ആരണ്യക്' എന്ന തന്നെ പേരിട്ട) യത്നത്തിലേർപ്പെട്ടു. ആയിരത്തി ഒന്നാമത്തെ വൃക്ഷം നടാൻ സാക്ഷാൽ വിഷ്ണനാരായണൻ നമ്പൂതിരി തന്നെ കൊടകരയിലെത്തി. കവികൾ വചസ്സു കൊണ്ടു ചെയ്യുന്നത് വപുസ്സു കൊണ്ടു ചെയ്യുന്നയാളാണ് മോഹൻദാസ് എന്ന് ലീലാവതി ടീച്ചർ അതിനെ പ്രകീർത്തിച്ചു. കവിതയുടെ അനന്യവും നിസ്തുലവുമായ പ്രവർത്തനമാതൃക എന്നല്ലാതെ എന്തു പറയാൻ!

> "തോക്കു പിടിക്കുന്നവനല്ലാ
> താക്കോൽക്കാരനുമല്ലാ
> കാക്കുന്നു മണ്ണുയിർപ്പും
> കാക്കുന്നു കരുലിവും."

എന്നതായിരുന്നു ആ കവിതയുടെ അടിവാക്യം (bottomline). മോഹൻദാസും യുഗളപ്രസാദനും ഒരുപോലെ "മണ്ണുയിർപ്പ് കാത്തവർ!"

നഗരജീവിതത്തിനിടയിലെ യന്ത്രസംസ്കൃതിയിലും പ്രകൃതിയിലേയ്ക്കു മടങ്ങുക (back to nature) എന്നത് മനുഷ്യന് ഒരു സഹജമായ ത്വരയും (instinct) പ്രലോഭനവും (temptation) ആണ്. അതു മുഴുവൻ സാധിക്കാതെ വരുമ്പോൾ അവൻ കവിതയുടെ കല്പനാവ്യാമുഗ്ധതകളിൽപ്പെട്ടു ഉഴലുകയല്ലാതെ മറ്റെന്തു ചെയ്യാൻ? ആവോളം ഭാവനാസന്തുഷ്ടി നൽകിയിട്ടുണ്ട് അങ്ങനെയുള്ളവർക്ക് മലയാളകവിത!

യക്ഷന്റെ സന്ദേശഹരനായ മേഘത്തോട്, തന്നേക്കാൾ ഉന്നതനായ പർവ്വതശൃംഗത്തെ കെട്ടിപ്പുണർന്നുപോകവാൻ പറയുന്ന (കാമിനിയെയും മനസ്സിൽ പുണരുന്നുണ്ടാവുമല്ലോ വിരഹിയായ യക്ഷൻ!) 'മേഘസന്ദേശ'ത്തിലെ "ആപൃച്ഛസ്വ പ്രിയസഖമമും തുംഗമാലിംഗ്യശൈലം" എന്ന കാളിദാസഭാവന, മലയാളത്തിലെ തിരുനല്ലൂർ കരുണാകരനിലെത്തുമ്പോൾ,

> "ചാരെ നിൽക്കുമീയദ്രിയാം തോഴനെ-
> ച്ചാലവേ പുൽകി യാത്ര ചോദിക്ക നീ"

എന്ന് ഭാഷാസൗകമാര്യം കൈവരിക്കുന്നു! കാവ്യകാല്പനികർക്ക് പുരുഷപ്രകൃതിയാർന്ന നീരദാ,ദ്രികൾ പ്രണയികളല്ലെന്ന വരില്ലല്ലോ? (അദ്രിസംഗം കൊണ്ടു തന്നെയാണല്ലോ മഴയുണ്ടാകുന്നത്?) എന്ന മാത്രമല്ല; പ്രണയസന്ദേശവാഹകനായ മേഘം പിന്നിടുന്ന ഓരോ പർവ്വതങ്ങളും "നിർമ്മരതിൻ മലർത്തുമണം പാറ്റ"ന്നതാണത്രേ! ("കകഭസുരഭൗ പർവതേ"—ശാസ്ത്രീയമായി ആറ്റുവക്ഷമായ നിർമരുതിനെ കാളിദാസൻ പർവ്വതത്തിൽ കൊണ്ടുപോയി പ്രതിഷ്ഠിച്ചു് അവിടവും ആർദ്രമാക്കാനാവുമോ?)

"സമുദ്രവസനേ ദേവി, പർവ്വതസ്തനമണ്ഡലേ" എന്ന ഭൂമീദേവിയെ പ്രകീർത്തിക്കുന്ന ശ്ലോകത്തിൽ പർവ്വതങ്ങളെ ഭൂമീദേവിയുടെ സ്തനങ്ങളോടുപമിക്കുന്നതിനെ ശരിവെയ്ക്കുന്നതാണ് എൻ. കെ. ദേശത്തിന്റെ 'മേഘലോകേ' ('മേഘസന്ദേശ'ത്തിന്റെ തന്നെ ഉപജീവനം) എന്ന കവിതയിലെ "ഇളയുടെ മുലച്ചേലെഴുന്നാമ്രകൂടം" എന്ന ആമ്രകൂടപർവ്വതത്തിനു നൽകുന്ന ഉപമേയം. ആമ്രകൂടപർവ്വതം ക്ഷീണിതനായെത്തുന്ന മേഘത്തെ സ്വീകരിക്കുന്ന വിധം തിരുനല്ലൂരാകട്ടെ, ഇങ്ങനെയാണ് വർണ്ണിക്കുന്നത്:

> "ആമ്രകൂടം സ്വമൗലിമേലേറ്റിടും
> യാത്ര ചെയ്തു തളർന്നെത്തുമങ്ങയെ."

'മേഘസന്ദേശ'ത്തെ മുൻനിർത്തി അക്കിത്തം എഴുതിയ 'നിത്യമേഘ'മാകട്ടെ പർവ്വതമുനമ്പിൽ നിൽക്കുന്ന വിരഹിയായ യക്ഷനെ ഇങ്ങനെ വാക്കുകളിൽ കൊത്തിവെയ്ക്കുകയും ചെയ്തു:

> "മേവുന്നു മിഴിതോരാതെ-
> യൊരു പുരുഷവിഗ്രഹം
> മാനത്തേയ്ക്കുന്തിനിൽക്കുന്ന
> മുനമ്പിൽപ്പൂർണ്ണമുഗ്ദ്ധനായ്,
> നീലാകാശസമുദ്രത്തിൽ
> ചാട്ടുവാനെന്ന പോലവേ"

ഏകാന്തത വിധിക്കപ്പെട്ട് അകലെയുള്ള പ്രണയിനിയോട് പ്രണയമോതുവാൻ മറ്റു മാർഗ്ഗങ്ങളില്ലാതെ, തന്റെ കല്പനാപ്രേമം വരികളാക്കി 'ധൂമ,ജ്യോതി, സലിലമരുത്തുക്കളുടെ സന്നിപാതമായ' മേഘത്തെ ഏല്പിച്ച് മലമുനമ്പിൽ നീലാകാശത്തിലേക്ക് ചാട്ടുവാനെന്ന പോലെ നിൽക്കുന്ന യക്ഷൻ! അവന്റെ ജീവകാമനയുടെ പ്രതിഫലനമെന്നോണം, ചാട്ടുവാനനുവദിക്കാതെ, ഭൂമി അവന്റെ കാലിൽ തൂങ്ങിക്കിടക്കുന്നു എന്നുമുണ്ട് തുടർവരികളിൽ അക്കിത്തത്തിന്റെ നായകനെ പ്രതിയുള്ള താദാത്മ്യവും സൗമനസ്യവും! "മേവുന്നു മിഴിതോരാതെയൊരു പുരുഷവിഗ്രഹം" എന്ന നടേ പറഞ്ഞ വരികളെ അന്വർത്ഥമാക്കുന്ന പർവ്വതാഗ്രത്തിലെ പ്രകൃതിശില്പം!!

ഭൂപരിഷ്കരണത്തെത്തുടർന്ന് ജീവിതായോധനത്തിന്നായി കാടുകയറേണ്ടിവന്ന കവിയാണ് ഒളപ്പമണ്ണ.

> "ചോലയിൽക്കുളിക്കുന്ന
> ദേവത തോരാനിട്ട
> ചേലപോൽ തൂമ്പത്താടി-
> ക്കളിപ്പൂ പുലരൊളി."

എന്ന മട്ടിൽ വനകല്പന നിഴലിക്കുന്ന വരികൾ ഇക്കാലത്താണ് ഒളപ്പമണ്ണ എഴുതുന്നത്.

വെള്ളിനേഴി മനയിലെ ഒരു നാലുകെട്ട് പൊളിച്ചെടുത്തു് വീടുകെട്ടി മണ്ണാർക്കാട്ടെ കണ്ടമംഗലം കാട്ടിൽ സകുടുംബം താമസിച്ച് റബ്ബർക്കൃഷി ചെയ്തു ജീവിച്ചു ഒളപ്പമണ്ണ.

> "വിശരിപ്പച്ചയാലെന്നെ-
> ത്തണുപ്പിക്കുന്ന റബ്ബറേ
> ജീവിതത്തണലല്ലി നീ?"

എന്ന കവി മടികൂടാതെ റബ്ബറിനെയും കാട്ടിലെ ഒരു മരമായി അംഗീകരിക്കുകയും, റബ്ബർക്കൃഷിയുടെ ശാസ്ത്രീയവശങ്ങൾ പഠിക്കുകയും, കവിതയിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. (ഇന്നും കാണാം ജൈനിമേട്ടിലെ 'ഹരിശ്രീ'യിലെ പൂമുഖത്തെ വട്ടമേശയ്ക്കു മേൽ പണ്ടു താൻ വരിചേർന്ന റബ്ബർ ബോർഡിന്റെ ഇപ്പോഴും മാസാമാസം എത്തിക്കൊണ്ടിരിക്കുന്ന 'റബ്ബർ' മാസികയുടെ പ്രതി!)

ആത്മവത്തയെ മന്ദരം എന്ന പർവ്വതത്തിലാരോപിച്ചു ഇടശ്ശേരി, 'പാൽക്കടൽ കടയുമ്പോൾ' എന്ന കവിതയിൽ. (കങ്കമപ്രഭാതം)

> "മന്ദരയാലോ മന്ദരമെന്നു വിളിയ്ക്ക-
> പ്പെട്ടേൻ; ഞാനോ കേശവ,
> നിൻതിരുവുള്ളാൽ കല്പിതനായതൊ-
> രർണ്ണവമഥനം ചമയാൻ."

ഭൂരിപക്ഷ ഉദ്ദിഷ്ടത്യയ്ക്കുവേണ്ടി യത്നം ചെയ്യാൻ നിയോഗിക്കപ്പെട്ട മന്ദരപർവ്വതം സ്വന്തം മരനിരകളെ പിഴുതെറിഞ്ഞും സമൂഹയജ്ഞത്തിൽ, "അമൃതോദയം" എന്ന പൊതുലാഭത്തിനായി യത്നിക്കുന്നത് കവി വർണ്ണിക്കുന്നതിങ്ങനെ:

> "പീലിത്തിരുമുടി പോലെ ലസിച്ചോ-
> രെന്നുടെ വനരാജി
> ചിതറിച്ചിതറിക്കടലലമാലയി-
> ലെറിയപ്പെടവേ നോക്കി-
> ച്ചിതമിതവശ്യംഭാവികമെന്നേ
> മുണ്ഡിതനോർത്തു ഞാൻ."

കർമ്മസമുദ്രത്തിലെ മഥനോത്സുകതയിൽ യജ്ഞഫലം കാണാതെ ജലത്തിലാണ്ടു പോകുന്ന തന്നെ "ഒരു കമഠം പോലെ" വന്ന് താങ്ങിനിർത്തണേ എന്നാണ് ജഗന്നിയന്താവിനോട് കവിതയ്ക്കൊടുവിൽ മന്ദരപർവ്വതത്തിന്റെ പ്രാർത്ഥന. പാരിസ്ഥിതികതയെ ആത്മലാഭത്തിനുപയോഗിക്കുന്ന മനുഷ്യന്റെ സ്വാർത്ഥതയിലേയ്ക്ക് ഇടശ്ശേരി വരികൾക്കിടയിലൂടെ കവിതയിൽ കണ്ണുപായിക്കുന്നില്ലെന്ന് ഉറപ്പിച്ചു പറയാനാവില്ല.

കാട്ടിലേയ്ക്ക് കൂട്ടരോടൊത്ത് നിലയ്ക്കാത്തയാത്രകൾ നടത്തുകയും ജൈവവസ്തുവായ (organic entity) കാടിനെ തന്റെ കവിത ചൊല്ലിക്കേൾപ്പിക്കുകയും ചെയ്ത കവിയാണ് ഡി. വിനയചന്ദ്രൻ. കാടും, കടലും, യാത്രയുമില്ലാതെ വിനയചന്ദ്രനില്ല; വിനയചന്ദ്രൻ—കവിതയുമില്ല. കവി തന്നെ കാട്ടിലും നാട്ടിലും കൂട്ടർക്കു മുന്നിലും നിരന്തരം സ്വയമൊരു കാടായി പരിണമിച്ചമട്ടിൽ ചൊല്ലിയാടിയുലഞ്ഞു തിമിർത്ത കവിതയാണ് 'കാടിനു ഞാനെന്തു പേരിടും?'

> "ഞാനെന്തു പേരിടും?
> കാട്ടിലെക്കാണോന്മാർക്കെന്തു പേരിടും?
> കാട്ടിലെ കുട്ടകാർക്കെന്തു ഞാൻ പേരിടും?
> കാട്ടിലെ കുട്ടികൾക്കെന്തു ഞാൻ പേരിടും?"

എന്നും

> "കാടു കൊഴിയുമ്പോൾ കാടു വിരിയുന്ന
> കാടിന്റെ കാലം വരുന്നതോ പോന്നതോ"

എന്നുമുള്ള ഉദ്വിഗ്നതകളാണ് കവിക്ക് കാടിനെ പ്രതി!

വിനയചന്ദ്രനു മാത്രം വെളിപാടു ലഭിച്ച മട്ടിൽ,

> "കാട്ടിൽ നിലാവുണ്ടു നട്ടുച്ച നേരവും
> രാത്രിയിൽ സൂര്യന്റെ തേരും തെളിച്ചവും"

എന്ന് അത് കാട്ടിൽ ചില വൈപരീത്യങ്ങളെ ദർശിക്കുകയും ചെയ്യുന്നു.

> "നക്ഷത്രപീഠത്തിൽ ലീലാരസ-
> ധ്യാനലോലയായ് വീണവായിക്കും
> പ്രപഞ്ചമാതാവിന്റെ
> പാദസരങ്ങളിലൊന്നിന്റെ
> ചിഞ്ചിലം കാട്"

എന്ന്, അത് കാടിനെ നിർവ്വചിക്കുകയും തുടക്കത്തിലെ ചോദ്യത്തിന്, താൻ തന്നെയാണ് കാട് എന്ന മട്ടിൽ കവിതയ്ക്കൊടുവിൽ

> "കാടിനു ഞാനെന്റെ പേരിടും"

എന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നു. കാടിന്റെ നിഗൂഢതയും നിമീലിതത്വവും മനോഹരമായി കവിതയിൽ വരച്ചു ചേർക്കുന്നു വിനയചന്ദ്രൻ, 'കാട്' എന്ന ശ്രദ്ധേയമായ കവിതയിൽ! കാടിനു സ്വന്തം പേരിട്ട വിനയചന്ദ്രൻ, യാഗാശ്വത്തെ തിരഞ്ഞ് പഞ്ചവടിയിലെത്തുമ്പോൾ, രാമന്റെ ശരീരമായിത്തന്നെ കാടിനെ കാണുന്ന രാമദൂതനെ അവതരിപ്പിച്ച 'ലവണാസുരവധത്തിലെ ഹനുമാൻ' (ലഘുഗാനങ്ങൾ) എന്ന ഇടശ്ശേരിക്കവിതയിലെ,

> "ശ്യാമളം വനം രാമചന്ദ്രന്റെ
> കോമളതനു തന്നെയോ?"

എന്ന സംശയം തീർച്ചയായും ഉള്ളുകൊണ്ടു തിരിച്ചറിഞ്ഞിരിക്കുമല്ലോ!

വിനയചന്ദ്രനെത്തന്നെ ഒരു കാടായി അംഗീകരിക്കാൻ മലയാളി സഹൃദയസമൂഹത്തിന് തെല്ലും മടിയുണ്ടാകില്ല. "കവിത കത്തുന്ന കാടിന്നു സാദരം ഹൃദയവന്ദനം" എന്ന് വിജയലക്ഷ്മിയും, "നിന്നെ ഞാൻ വിളിക്കുമ്പോൾ വിളികേൾക്കുന്ന കാട്, ചന്ദനനിലാവാ,ദി കാനനം ദിഗംബരം" എന്ന് ആലങ്കോട് ലീലാകൃഷ്ണനും, വിനയചന്ദ്രൻ കവിതയിലെ വിപിനചന്ദ്രികയെ സ്വന്തം കവിതകൾ കൊണ്ട്, വനവൃക്ഷശാഖികളാൽ ചാമരം വീശുന്ന മട്ടിൽ, സ്വരൈക്യത്തോടെ അഭിവാദ്യം ചെയ്യുന്നുമുണ്ട്!!

> "ഉന്നിദ്രം തഴയ്ക്കുമീ താഴ്വര പോലൊന്നുണ്ടോ
> തന്നെപ്പോലൊരാനയ്ക്കു തിരിയാൻ വേറിട്ടിടം"

എന്നും,

> "കാട്ടിലെപ്പഞ്ചോലകൾ കൈകളിലമൃതത്തെ-
> ക്കാട്ടിലും മേലാം തണ്ണീർ കാട്ടിയും വിളിക്കുന്നു"

എന്നും, വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകൻ', തന്നെ പോറ്റിയ കാട് എന്ന നഷ്ടസ്വർഗ്ഗത്തെ 'വനാതുരത്വ'ത്തോടെ, (ഗൃഹാതുരത്വം നമുക്കല്ലേ?) "പിശാചുക്കൾ മന്ത്രിക്കുന്ന മസ്തകകടാഹത്തിലെ" "ഭ്രാന്തിൻ നിലാവിൽ"പ്പോലും വ്യക്തമായി ഓർക്കുന്നു!

ദോഷൈകദൃക്കുകളായ കേരളീയർ 'മരക്കവികൾ' എന്ന ചൊല്ലി പരിഹസിച്ചവരിൽ പ്രധാനിയും ആക്ടിവിസ്റ്റുമായിരുന്നല്ലോ സുഗതകുമാരി.

> "ശ്യാമയാം നിശ്ശബ്ദ കാനനമേ, നിന്നെ-
> യാനന്ദബാഷ്പം നിറഞ്ഞ മിഴികളാൽ
> ഞാനൊന്നഴിഞ്ഞു കൊള്ളട്ടേ, കരം കൂപ്പി
> ഞാനൊന്നു കണ്ടു നിന്നോട്ടേ മതിവരെ?"
> (സൈലന്റ് വാലി)

എന്നുള്ള മട്ടിൽ അരണ്യകവിതകൾ എഴുതുക മാത്രമല്ല അവർ ചെയ്തത്.

അട്ടപ്പാടിയിലെ മൊട്ടക്കുന്നായ ബൊമ്മിയാംപടിയിൽ നൂറ്റ് ഏക്കറിൽ അവർ ഒരു കൃത്രിമവനം തന്നെ വെച്ചുപിടിപ്പിക്കുകയും, അവിടം ഉർവ്വരമാക്കുകയും ചെയ്തു. മുളങ്കാടുകളും ചോലകളും ഉള്ള, മാനും മയിലും വിഹരിക്കുന്ന 'കൃഷ്ണവനം' എന്ന ആ കാട്, സൈലന്റ് വാലിക്കായി പോരാടിയ എൻ. വി. കൃഷ്ണവാരിയരെ മുൻനിർത്തിയാണ് നാമകരണം ചെയ്യപ്പെട്ടത്. പിന്നീടത് വനം വകുപ്പിന് കൈമാറപ്പെട്ടു. വിഷ്ണനാരായണൻ നമ്പൂതിരി, അയ്യപ്പപ്പണിക്കർ എന്നിവരെപ്പോലെയുള്ള കവികളും ആർ. വി. ജി. മേനോനെയും കെ. വി. സുരേന്ദ്രനാഥിനെപ്പോലെയുമുള്ള പരിസ്ഥിതിപ്രവർത്തകരും അന്ന് സുഗതകുമാരിക്കൊപ്പം അണിചേരുകയുമുണ്ടായി.

> "മലനാടൻ കാടുകൾ തലതല്ലിച്ചാകവേ
> മഴവിൻ മുനയ്ക്കുമേൽ കയ്യമർത്തി
> മിഴിനീരാൽ പാട്ടിനാൽ തീ കെടുത്തീടുവാൻ
> പഴതേ പണിഞ്ഞു പണിഞ്ഞുനോക്കീ.
>
> "അരുതേ"ന്നൊക്കെ വിലക്കുന്ന പിന്നെയും
> കിളിയും കവിയും പ്രതിദ്ധ്വനിയും."

എന്ന 'വനരോദനം' നടത്തി മാഴ്കിയ സുഗതകുമാരി തന്നെ കേരളചരിത്രത്തിൽ ആദ്യമായി ശരിയായ അർത്ഥത്തിൽ, അങ്ങിനെ ഒരു കാടിന്റെ അമ്മയുമായി മാറി!

□

പദ്മദാസ്



തൃശ്ശൂർ ജില്ലയിലെ പെരിങ്ങണ്ടൂരിൽ 1963ൽ ജനിച്ചു. തൃശ്ശൂർ കേരളവർമ്മ കോളേജിൽ നിന്ന് ബിരുദം. പബ്ലിക് റിലേഷൻസ്, ബിസിനസ് അഡ്മിനിസ്ട്രേഷൻ എന്നിവയിൽ പി. ജി. ഡിപ്ലോമ. ഇന്ത്യൻ റെയിൽവേ ട്രാഫിക് സർവ്വീസിൽ നിന്ന് ഡെപ്യൂട്ടി ചീഫ് കൊമേഴ്സ്യൽ മാനേജരായി സ്വയം വിരമിച്ചു. 'നഗരയക്ഷി', 'ദേവീവിലാസം സ്ട്രീ', 'ഗുരുവായൂർ', 'ആൽബട്രോസ്', 'പൂക്കാതെയും വാസനിക്കാം', 'സ്വപ്നത്തീവണ്ടി' എന്നീ കവിതാസമാഹാരങ്ങൾ. കുട്ടികൾക്കു വേണ്ടി 'പന്ത്രണ്ടു സോദരരും ഒരു പെങ്ങളും' എന്ന കവിതാപുസ്തകം. 'അനന്തസ്മൃതികളുടെ സൗഗന്ധികങ്ങൾ' എന്ന വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ഓർമ്മക്കുറിപ്പുകളുടെ എഡിറ്റർ. സ്വാതി അയ്യപ്പപ്പണിക്കർ കവിതാ പുരസ്കാരം, മലപ്പുറം ജില്ലാ അഡ്വക്കറ്റ്സ് ക്ലർക്ക്സ് അസോസിയേഷന്റെ ഇടശ്ശേരി അവാർഡ്, സംഘമിത്രം കവിതാപുരസ്കാരം, ഒ. വി. വിജയൻ കവിതാ പുരസ്കാരം, സംഗമസാഹിതി കവിതാ പുരസ്കാരം, സൃഷ്ടി കവിതാ അവാർഡ്, അക്കിത്തം കവിതാപ്രബന്ധത്തിനുള്ള പൗർണ്ണമി പുരസ്കാരം എന്നിവ ലഭിച്ചു.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>